**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം** **16.12.2014 - ൽ മറുപടിക്ക്**
**നമ്പർ : 4207**

## സിഡ്കോയിലെ ജീവനക്കാരുടെ നിയമനം

ചോദ്യം
ശ്രീ. രാജു എബ്രഹാം

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
| --- | --- |
| (എ) പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയിൽ ജീവനക്കാരുടെ നിയമനം പി.എസ്.സി വഴിയാക്കിയത് എന്നു മുതലാണ് ; | (എ) കേരള സിഡ്കോയിലെ ചില തസ്തികകളിലെ നിയമനം പി.എസ്.സി വഴിയും മറ്റു ചില തസ്തികകളിൽ നേരിട്ടുള്ള നിയമന രീതിയുമാണ് നിലവിലുള്ളത്. 15/08/1975 മുതലാണ് പി.എസ്.സി. വഴിയുള്ള നിയമനം നടപ്പിലാക്കി തുടങ്ങിയത്. |
| (ബി) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം പി.എസ്.സി വഴിയല്ലാതെ ഏതെങ്കിലും തസ്തികകളിൽ സിഡ്കോ നേരിട്ടു നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേരെ വീതം നിയമിച്ചു ; ഇവരോരുത്തർക്കും പ്രതിമാസം നൽകിയ ശമ്പളവും മറ്റ് അലവൻസുകളും എത്ര എന്ന് ഇനം തിരിച്ചു വ്യക്തമാക്കുമോ ; | (ബി) ഉണ്ട്<br>ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി വഴിയല്ലാതെ സിഡ്കോയിൽ നടത്തിയ നിയമനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) ഇതിൽ എത്ര തസ്തികകൾ സർക്കാർ അംഗീകരിച്ചവയുണ്ട് ; അനുമതിയില്ലാത്ത എത്ര തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളത് ; ആരാണ് നിയമനം നല്കിയത് ; | (സി), (ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ഡി) സർക്കാർ അംഗീകാരമില്ലാതെയും പി.എസ്.സി വഴിയല്ലാതെയും നിയമനം നടന്നത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചത് ; | |
| (ഇ) പി.എസ്.സി. വഴി സ്കിൽഡ് വർക്കർമാരെ നിയമിക്കാൻ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഇ) പി.എസ്.സി. വഴി സ്കിൽഡ് വർക്കർമാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം**

| നമ്പർ | തസ്തിക | എണ്ണം | പ്രതിമാസം നൽകി വരുന്ന ശമ്പളം |
|---|---|---|---|
| 1 | മാനേജർ (മാർക്കറ്റിങ്) | 9 | ₹ 35,378/- |
| 2 | സീനിയർ മാനേജർ (സിസ്റ്റംസ്) | 1 | ₹ 40,325/- |
| 3 | സീനിയർ മാനേജർ (അക്കൗണ്ട്സ്) - | 1 | ₹ 40,325/- |
| 4 | പ്രൊഡക്ഷൻ എഞ്ചിനിയർ | 1 | ₹ 35,378/- |
| 5 | അസിസ്റ്റന്റ് എഞ്ചിനിയർ (സിവിൽ) | 1 | ₹ 35,378/- |
| 6 | അസിസ്റ്റന്റ് എഞ്ചിനിയർ (ഇലക്ട്രോണിക്സ് & ടെലി കമ്മ്യൂണിക്കേഷൻസ്) | 1 | ₹ 35,378/- |

S.O